(ഡി) ഇതിനാവശ്യമായ ഉപകരണങ്ങൾ എന്ത് തുകയ്ക്ക് നല്കാമെന്നാണ് ഗോട്ടോ കമ്പനി സമ്മതിച്ചിരുന്നത് എന്നറിയിക്കാമോ ;

(ഇ) ഇപ്പോൾ ഇതിന് എന്തു തുക വേണ്ടി വരും ; പ്ലാനറ്റോറിയത്തിന്റെ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേയ്ക്ക് പണി തുടങ്ങും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്പെയിസ് തിയേറ്ററിന്റെ പണി ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതി വേണ്ടെന്ന് വച്ചിരിക്കുകയാണ്.

(ബി) കരാറിൽ ഒപ്പ് വച്ചിരുന്നു.

(സി) 19-10-1994-ൽ

(ഡി) 492 ദശലക്ഷം ജാപ്പനീസ് യെൻ (1760 ലക്ഷം രൂപ)

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ജനചിത്ര പ്രോഗ്രാം

16 (1996) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലച്ചിത്ര വികസന കോർപ്പറേഷന്റെ 'ജനചിത്ര പ്രോഗ്രാം' വയനാട് ജില്ലയിൽ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രോഗ്രാം സുൽത്താൻബത്തേരിയിൽ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(സി) പരിപാടി സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവശ്യമായി വരുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചലച്ചിത്ര വികസന കോർപ്പറേഷന് ജനചിത്ര പ്രോഗ്രാം എന്ന പരിപാടി ഇല്ല. അത് കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയാണ് നടപ്പാക്കുന്നത്. അക്കാഡമിക്ക് വയനാട് ജില്ലയിൽ ജനചിത്ര പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ഉദ്ദേശമുണ്ട്. ഈ പരിപാടി അക്കാഡമിയുമായി അഫിലിയേഷൻ എടുക്കുന്ന ഫിലിം സൊസൈറ്റികളുമായി സഹകരിച്ച് നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) സുൽത്താൻ ബത്തേരിയിൽ ഫിലിം സൊസൈറ്റി രൂപീകരിച്ച് അക്കാഡമിയുമായി അഫിലിയേറ്റ് ചെയ്യേണ്ടതുണ്ട്. ഇത്തരം ഫിലിം സൊസൈറ്റികളിലൂടെയാണ് ജനചിത്ര പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിന് ആദ്യമായി ഫിലിം സൊസൈറ്റികൾ രൂപീകരിക്കുന്നതോടൊപ്പം അക്കാഡമിയുടെ അഫിലിയേഷൻ എടുക്കേണ്ടതുണ്ട്. പല ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മുൻകൈയെടുത്ത് ഇതിനകം ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് അക്കാഡമിയിലൂടെ ചലച്ചിത്ര പ്രദർശന പരിപാടി നടത്തിയിട്ടുണ്ട്. ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് അക്കാഡമിയിൽ അഫിലിയേറ്റ് ചെയ്യുന്നതിൽ പ്രൊമോട്ടർമാർ അക്കാഡമിയുമായി ബന്ധപ്പെടേണ്ടതാണ്.

ആർക്കിയോളജി വകുപ്പിലെ പ്രമോഷൻ

17 (1997) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആർക്കിയോളജി വകുപ്പിൽ പത്ത് വർഷങ്ങൾക്ക് ശേഷവും ഒരേ ഗ്രേഡിൽ തുടരുന്ന എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റ് തസ്തികയിൽ തുടരുന്ന ഉദ്യോഗസ്ഥൻ പ്രസ്തുത തസ്തികയിൽ എത്ര വർഷമായി തുടരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ആ തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിൽ ഏതാണ് ;

(ഡി) ഈ തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്റെ വിദ്യാഭ്യാസ യോഗ്യത എന്താണ് എന്നറിയിക്കുമോ ;

(ഇ) ഈ യോഗ്യതയുള്ള എത്രപേർ ഈ വകുപ്പിൽ ജോലി ചെയ്യുന്നുണ്ട് എന്നും ഏതൊക്കെ തസ്തികയിൽ എന്നും വ്യക്തമാക്കാമോ ;

(എഫ്) ഈ ഉദ്യോഗസ്ഥന് പ്രൈമോഷൻ/ഗ്രേഡ് നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 68 ഉദ്യോഗസ്ഥർ.

(ബി) 20 വർഷമായി പ്രസ്തുത തസ്തികയിൽ തുടരുന്നു.

(സി) 8250-13650 രൂപ.

(ഡി) ആർക്കിയോളജി ഐച്ഛിക വിഷയമായെടുത്ത എം.എ. ബിരുദവും ആർക്കിയോളജിയിൽത്തന്നെയുള്ള പി.എച്ച്.ഡി. ബിരുദവുമാണ് ഈ തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്റെ വിദ്യാഭ്യാസ യോഗ്യത.

(ഇ) സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റിന് മാത്രമേ ഈ യോഗ്യതയുള്ളൂ.

(എഫ്) നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ഈ ഉദ്യോഗസ്ഥന് ഒരു പ്രൈമോഷനും അർഹതയില്ല. എന്നാൽ ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള ചട്ടങ്ങൾ നിലവിൽ വരുമ്പോൾ ഈ തസ്തികയും ഡയറക്ടർ പദവിയിലേയ്ക്കുള്ള ഫീഡർ കാറ്റഗറിയിൽ വരും.

LIBRARY ARCHIVES Kerala Legislative Assembly